

കവർസ്റ്റോറി

മുഹമ്മദ് അയിരൂർ

# ലക്ഷ്യപ്രാപ്തിക്ക് ധാർമിക വിദ്യാഭ്യാസം അനിവാര്യം

**പഠനത്തിലൂടെയും** മനനത്തിലൂടെയും മാറ്റത്തിന് വിധേയമാകുക, അതിലൂടെ പുരോഗതി കൈവരിക്കുക എന്നത് മനുഷ്യന്റെ മാത്രം സവിശേഷതയാണ്. മനുഷ്യന്റെ ഈ വ്യതിരിക്തത വളർത്തിയെടുക്കാൻ സഹായിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയും സാംസ്കാരിക പ്രവർത്തനവുമാണ്. അറിവും കഴിവും ആർജിക്കുന്നതോടൊപ്പം നല്ല ശീലങ്ങളുടെ ഉടമയാകാനും ധാർമിക മൂല്യങ്ങളുടെ പ്രയോക്താവാകാനും വിദ്യാർഥിക്കു കഴിയുമ്പോഴേ വിദ്യാഭ്യാസം സാർഥകമാകൂ. 'നിങ്ങൾ ഒരു വിദ്യാലയം തുറക്കുമ്പോൾ ഒരു തടവറ പൂട്ടുകയാണ്' എന്ന വിക്ടർ ഹ്യൂഗോയുടെയും, 'ഒരു മാസത്തേക്കുള്ള വിളവെടുപ്പ് ഉദ്ദേശിക്കുന്നുവെങ്കിൽ ഒരു വിത്തു നടുക, ഒരു കൊല്ലത്തേക്കുള്ള വിളവെടുപ്പ് ഉദ്ദേശിക്കുന്നുവെങ്കിൽ ഒരു ചെടി നടുക, നൂറു വർഷത്തേക്കുള്ള വിളവെടുപ്പാണുദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക' എന്ന കൺഫ്യൂഷസിന്റെയും, 'വിദ്യാഭ്യാസത്തിനു വേണ്ടി ഇറങ്ങിത്തിരിച്ചവർ സ്വർഗത്തിലേക്കുള്ള വഴിയിലാണ്' എന്ന മുഹമ്മദ് നബിയുടെയും വാക്കുകളിൽ വിദ്യാഭ്യാസത്തിന്റെ മഹത്തായ ആശയങ്ങളാണ് പ്രകടമാവുന്നത്.

**ആദിവാസികോളനി മുതൽ പാർലമെന്റ് വരെയും, അടുക്കള മുതൽ നീതിന്യായകോടതി വരെയും, തൂപ്പുകാരൻ തൊട്ട് മന്ത്രിമാർ വരെയും വന്നെത്തി നിൽക്കുന്ന ധർമച്യുതിയുടെയും മൂല്യരാഹിത്യത്തിന്റെയും ആഴമാണ് ദിനേന കണ്ടു കൊണ്ടിരിക്കുന്നത്. ഇവിടെയാണ് മൂല്യവിദ്യാഭ്യാസത്തെകുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും രീതിശാസ്ത്രത്തെക്കുറിച്ചുമുള്ള ചർച്ചയും ചിന്തയും പ്രസക്തമാകുന്നത്.**

വിദ്യാഭ്യാസത്തെ വിമോചനത്തിനുള്ള ശക്തമായ ഉപകരണമായാണ് വിദ്യാഭ്യാസ ദാർശനികർ കാണുന്നത്. അധീശ ശക്തികൾ അടിച്ചേൽപ്പിക്കുന്ന ശരീരദാസ്യം, തൊഴിൽ ദാസ്യം അഥവാ ഉപജീവന മാർഗത്തിലുള്ള ദാസ്യം, ജ്ഞാന ദാസ്യം, ആശയ ദാസ്യം, സാമ്പത്തിക ദാസ്യം തുടങ്ങിയ സകലമാന ദാസ്യത്തിൽ നിന്നും ജീർണതകളിൽ നിന്നുമുള്ള മോചനമാണ് വിദ്യാഭ്യാസത്തിലൂടെ കൈവരിക്കേണ്ടത്. ജീവിതാരംഭം മുതൽ ജീവിതാവസാനം വരെ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം. ജീവിതത്തിൽ പല ശക്തികളും വ്യക്തികളും മനുഷ്യനിൽ സ്വാധീനം ചെലുത്തുന്നുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന അനുഭവങ്ങളെ ത്യാജ്യ-ഗ്രാഹ്യ ബുദ്ധിയോടെ മനനം ചെയ്ത് തന്നിലെ നിലീന തിന്മകളെ ആർജിതനന്മകളാക്കി രൂപാന്തരപ്പെടുത്തുകയാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

ഭാവിസമൂഹം എങ്ങനെയായിരിക്കണം എന്ന കാഴ്ചപ്പാടിൽനിന്നാണ് വിദ്യാഭ്യാസ പ്രക്രിയയുടെ ഗതി നിർണയിക്കപ്പെടുന്നത്. മൂല്യവിചാരം, ഉത്തരവാദിത്വബോധം, സാമൂഹിക പ്രതിബദ്ധത, സഹജീവി സ്നേഹം,

ജീവിത വിശുദ്ധി, ജീവിത ലാളിത്യം എന്നിവ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെയാണ് നാം സൃഷ്ടിക്കാനുദ്ദേശിക്കുന്നതെങ്കിൽ അതിനനുസൃതമായ പഠനാനുഭവങ്ങൾ പഠിതാക്കൾക്ക് നൽകേണ്ടതുണ്ട്.

ജ്ഞാനനിർമിതിവാദ (Constructivism)ത്തിലധിഷ്ഠിതമായ പഠന ബോധന തന്ത്രങ്ങളും, സാമൂഹിക ജ്ഞാനനിർമിതി വാദവും, ബഹുമുഖ ബുദ്ധിശക്തിയുടെ സാധ്യതകളും അംഗീകരിച്ചു നടപ്പിലാക്കിയ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല, അവിടെ നിന്നും മുന്നോട്ടു പോയി വിമർശനാത്മകബോധന ശാസ്ത്രവും, പ്രശ്നോന്നിത പാഠ്യപദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പഠിതാവിന്റെ ബഹുമുഖങ്ങളായ ശേഷികളെ കണക്കിലെടുക്കുന്നതും അവയെ പോഷിപ്പിക്കാനുതകുന്നതുമായ ഈ പഠനബോധന തന്ത്രങ്ങളും രീതിശാസ്ത്രങ്ങളും സർവാത്മനാ സ്വാഗതാർഹവും പ്രോത്സാഹജനകവുമാണ്. പരിമിതികളും പോരായ്മകളും ധാരാളമുണ്ടെങ്കിലും പൊതുവിദ്യാഭ്യാസരംഗത്ത് ആശാവഹമായ മാറ്റങ്ങൾക്ക് ഈ പരിഷ്കരണങ്ങൾ കാരണമായിട്ടുണ്ട്. പക്ഷേ പഠിതാക്കളിൽ അന്തർലീനമായ ധാർമികബോധത്തെ തട്ടിയുണർത്തി പരിപോഷിപ്പിക്കാനും അവനിൽ കുടികൊള്ളുന്ന മൃഗീയതയിൽ നിന്ന് – തിന്മയോടുള്ള ആഭിമുഖ്യത്തിൽ നിന്ന് – അവനെ മോചിപ്പിച്ചെടുക്കാനും നമ്മുടെ വിദ്യാഭാസപ്രക്രിയക്കു കഴിയുന്നില്ല. ഒരു ഉത്തമ പൗരനെ വാർത്തെടുക്കുക എന്ന പരമപ്രധാനമായ ലക്ഷ്യം നേടുന്നതിൽ നമ്മുടെ പൊതുവിദ്യാഭ്യാസം വിജയിച്ചിട്ടില്ല.



**അധീശ ശക്തികൾ അടിച്ചേൽപ്പിക്കുന്ന ശരീരദാസ്യം, തൊഴിൽ ദാസ്യം അഥവാ ഉപജീവന മാർഗത്തിലുള്ള ദാസ്യം, ജ്ഞാന ദാസ്യം, ആശയ ദാസ്യം, സാമ്പത്തിക ദാസ്യം തുടങ്ങിയ സകലമാന ദാസ്യത്തിൽ നിന്നും ജീർണതകളിൽ നിന്നുമുള്ള മോചനമാണ് വിദ്യാഭ്യാസത്തിലൂടെ കൈവരിക്കേണ്ടത്.**

സമൂഹത്തിന് പൊതുവിലും കേരളീയർക്ക് വിശേഷിച്ചും സംഭവിച്ചു കൊണ്ടിരിക്കുന്ന അപമാനവീകരണം (Dehumanization) ജാതീയവും മതപരവുമായ അസഹിഷ്ണുത, വർധിച്ചുകൊണ്ടിരിക്കുന്ന അസമത്വം, ആക്രമണോത്സുകത, ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങൾ, സ്ത്രീ-പുരുഷ ബന്ധങ്ങളിൽ പ്രകടമാകുന്ന മൂല്യച്യുതി, അന്ധമായ ധനതൃഷ്ണ, വളർന്നു വരുന്ന ഗുണ്ടാ-മാഫിയാ സംസ്കാരം, ലഹരിപദാർഥങ്ങളോടുള്ള അമിതാസക്തി തുടങ്ങി സമൂഹം നേരിടുന്ന തിക്തമായ പ്രശ്നങ്ങളെല്ലാം തന്നെ വിദ്യാഭ്യാസത്തിന് വെല്ലുവിളികളായി മാറിക്കൊണ്ടിരിക്കുന്നു.

മാനവിക മൂല്യങ്ങളും ധാർമിക മൂല്യങ്ങളും അഭ്യസ്ഥവിദ്യരിൽ കുറഞ്ഞുവരുന്നതായാണ് അനുഭവം. കൈക്കൂലി, കള്ളക്കടത്ത്, സ്വജന പക്ഷപാതം, ചുമതലാബോധ രാഹിത്യം, അസഹിഷ്ണുത, വർഗീയത, സ്വാർഥത തുടങ്ങിയ സാമൂഹിക വിരുദ്ധ സ്വഭാവങ്ങൾ വിദ്യാസമ്പന്നരിൽ ആനുപാതികമായി വർധിച്ചു കാണുന്നു. സ്നേഹം, ദയ, അനുകമ്പ, സഹതാപം, സഹാനുഭൂതി, സഹകരണമനഃസ്ഥിതി, പരക്ഷേമ തൽപരത തുടങ്ങിയ ഉന്നത മാനവിക മൂല്യങ്ങൾ വിദ്യാസമ്പന്നരേക്കാൾ വിദ്യാഭ്യാസത്തിൽ താരതമ്യേന പിന്നാക്കമായ ഗ്രാമീണരിലും സാധാരണക്കാരിലും നല്ലനിലയിൽ നിലനിൽക്കുന്നതായും അനുഭവപ്പെടുന്നു.

ടി.വി ചാനൽ മാറ്റുന്ന തർക്കത്തിൽ പരസ്പരം കുത്തി മരിച്ചവരും, ഇഷ്ടമുള്ള ചാനൽ കാണാൻ അനുവദിക്കാത്തതിനാൽ സ്വയം ജീവനൊടുക്കിയവരും, മൊബൈൽ ഫോണിന്റെയും ഇന്റർനെറ്റിന്റെയും ദുരുപയോഗത്തിലൂടെ ജീവൻ വെടിയാൻ നിർബന്ധിതരായവരും വിദ്യാഭ്യാസമില്ലാത്തവരല്ല. സഹപാഠികളെ കൂട്ടബലാത്സംഗം ചെയ്യുന്നവരും റാഗിംഗ് എന്ന മൃഗീയതയിലൂടെ സഹപാഠികളെ കൊലപ്പെടുത്തുന്നവരും ഉന്നതബിരുദാർഥികളാണ്. മാതാപിതാക്കളെ വൃദ്ധസദനത്തിലേക്കയക്കുന്നവരും വിദ്യാഭ്യാസമുള്ളവർ തന്നെ. ആദിവാസികോളനി മുതൽ പാർലമെന്റ് വരെയും, അടുക്കള മുതൽ നീതിന്യായകോടതി വരെയും, തൂപ്പുകാരൻ തൊട്ട് മന്ത്രിമാർ വരെയും വന്നെത്തി നിൽക്കുന്ന ധർമച്യുതിയുടെയും മൂല്യരാഹിത്യത്തിന്റെയും ആഴമാണ് ദിനേന കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെയാണ് മൂല്യവിദ്യാഭ്യാസത്തെകുറിച്ചും അതിന്റെ പ്രായോഗികതയെക്കുറിച്ചും രീതിശാസ്ത്രത്തെക്കുറിച്ചുമുള്ള ചർച്ചയും ചിന്തയും പ്രസക്തമാകുന്നത്.

## നല്ല വ്യക്തി, നല്ല സമൂഹം

ഉത്തമ സമൂഹത്തെ സൃഷ്ടിക്കണമെങ്കിൽ ഉത്തമ വ്യക്തിത്വങ്ങൾ വളർന്നുവരേണ്ടതുണ്ട്. തന്നെക്കുറിച്ചും തന്റെ ദൗത്യത്തെക്കുറിച്ചും ശരിയായ ധാരണയുള്ളവർക്കേ നല്ല വ്യക്തികളാകാൻ സാധിക്കൂ. താനും സഹജീവികളുമായും, താനും പ്രപഞ്ചവുമായും, താനും പ്രപഞ്ച നാഥനുമായുമുള്ള ബന്ധത്തിന്റെ രീതിശാസ്ത്രവും ബാധ്യതകളും അവകാശങ്ങളും വ്യക്തമായും കൃത്യമായും തിരിച്ചറിയുമ്പോൾ മാത്രമാണ് ഒരു വ്യക്തിക്ക് തന്റെ ദൗത്യം നല്ല നിലയിൽ നിറവേറ്റാൻ കഴിയുക. ഒരാളുടെ വ്യക്തിത്വം ഉദ്ഗ്രഥിതവും സമഗ്രവുമാക്കാൻ സ്വഭാവസംസ്കരണം, ശാരീരികവും മാനസികവുമായ ആരോഗ്യം, വൈകാരിക പക്വത, നന്മതിന്മകളെ കാര്യകാരണ സഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുള്ള ശേഷി എന്നിവ അനിവാര്യമാണ്.

## ധാർമിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി

സമകാലിക മനുഷ്യൻ അനുഭവിക്കുന്ന ഒട്ടനവധി പ്രശ്നങ്ങളുടെ കാരണമന്വേഷിച്ചാൽ വ്യക്തമായ മൂല്യബോധത്തിന്റെ അഥവാ ധാർമികബോധത്തിന്റെ അഭാവം ബോധ്യപ്പെടും. 'വ്യക്തമായ കാഴ്ചപ്പാടില്ലാത്ത വിദ്യാഭ്യാസം പാഴ്വേലയും മൂല്യബോധമുളവാക്കാത്ത വിദ്യാഭ്യാസം കുറ്റകൃത്യവും ദൗത്യ

ബോധം വളർത്താത്ത വിദ്യാഭ്യാസം ജീവിതഭാരവുമാണ്' എന്ന വാക്യം അർഥവത്താകുന്നതിവിടെയാണ്. ആധുനിക ലോകം വൈജ്ഞാനിക മേഖലകളിലും ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും പുരോഗതി കൈവരിക്കുമ്പോൾ തന്നെ വൈയക്തികവും സാമൂഹികവുമായ മാനസികാരോഗ്യവും ധാർമികമൂല്യങ്ങളും ആശങ്കാകുലമാം വിധം തകർന്നുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസചിന്തകരും സാമൂഹിക പരിഷ്കർത്താക്കളും ധാർമിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഊന്നിപ്പറയുന്നത്. അവയിൽ ചിലത് താഴെ കൊടുക്കാം:

■ ആത്മീയവും ധാർമികവുമായ മൂല്യങ്ങൾ യുവാക്കളിൽ വളർത്താനാവശ്യമായ ഘടകങ്ങൾ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾച്ചേർക്കൽ സമൂഹത്തിന്റെ സുരക്ഷ ആഗ്രഹിക്കുന്ന എല്ലാവരുടെയും ഉത്തരവാദിത്വമാണ് (Central Advisory board, 1943-1946).

■ ധാർമിക വിദ്യാഭ്യാസം കലാലയങ്ങളിലേക്കും സർവകലാശാലകളിലേക്കും വ്യാപിപ്പിക്കേണ്ടത് അനിവാര്യമാണ് (University Education Commission, 1948).

■ മതപരവും ധാർമികവുമായ വിദ്യാഭ്യാസം പ്രാഥമിക ഘട്ടം മുതൽ സർവകലാശാലാ ഘട്ടം വരെയും നൽകേണ്ടതാണ് (Sree Prakasha Committee, 1959).

■ ധാർമികവും സാമൂഹികവും ആത്മീയവുമായ മൂല്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം (The Indian Education Commission, 1964- 68).

■ മാനുഷിക മൂല്യങ്ങളും ധാർമിക മൂല്യങ്ങളും ലോകസമാധാനവും വിദ്യാഭ്യാസത്തിലൂടെ പോഷിപ്പിക്കപ്പെടണം (International Commission report of UNESCO, 1972).

■ സാമൂഹികവും ധാർമികവുമായ മൂല്യങ്ങൾ ഊട്ടിവളർത്താനുള്ള ശക്തമായ ഒരുപകരണമായി വിദ്യാഭ്യാസത്തെ മാറ്റിപ്പണിയേണ്ടത് അനിവാര്യമായിരിക്കുന്നു. മതഭ്രാന്ത്, ഹിംസാത്മകത, വിജ്ഞാനത്തോടുള്ള നിഷ്ക്രിയത്വം എന്നിവ ഇല്ലായ്മ ചെയ്യാൻ ഇതു മുഖേന സാധിക്കും (The National Policy on Education, 1986).

വസ്തുതകൾ ബോധ്യപ്പെട്ടിട്ടും വിദ്യാഭ്യാസ വിചക്ഷണരും ചിന്തകരും ഏറക്കുറെ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടും ധാർമിക വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച നടത്താനും പദ്ധതികളാവിഷ്കരിക്കാനും വിദ്യാഭ്യാസ ഏജൻസികൾക്ക് സാധിക്കുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന പലർക്കും പ്രാഗ്മാറ്റിസം, നാചറലിസം, റിയലിസം തുടങ്ങിയ ചില ദർശനങ്ങളോടും തത്ത്വശാസ്ത്രങ്ങളോടുമുള്ള അന്ധമായ വിധേയത്വം ഈ ദുരവസ്ഥക്ക് കാരണമായിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മതനിരാസത്തോടടുത്തുനിൽക്കുന്ന മതേതരത്വ ചിന്തയും ഇത്തരത്തിലുള്ള ചില ദർശനങ്ങളിലും തത്ത്വശാസ്ത്രങ്ങളിലുമുള്ള കടുംപിടുത്തവും ധാർമികവിദ്യാഭ്യാസം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടാതിരിക്കുന്നതിന് ഇടവരുത്തിയിട്ടുണ്ട്. ധാർമിക വിദ്യാഭ്യാസം മതാധ്യാപനങ്ങളുമായി കൂടിക്കലരുമെന്നും അത് മതേതരത്വത്തിന് പോറലേൽപ്പിക്കുമെന്നുമുള്ള ചിന്തയും മൂല്യവിദ്യാഭ്യാസം വേണ്ടവിധം നടപ്പിലാക്കുന്നതിന് തടസ്സമായിട്ടുണ്ട്. മാനവികഗുണങ്ങളായി സമൂഹം അംഗീകരിക്കുന്ന മുഴുവൻ ധാർമികമൂല്യങ്ങളും ലോകത്ത് നിലവിലുള്ള എല്ലാ മതങ്ങളുടെയും അധ്യാപനങ്ങളിൽ ഉൾപ്പെടുന്നതാണ്. അതിനാൽ ശരിയായ ദിശയിലും രൂപത്തിലുമുള്ള ധാർമിക വിദ്യാഭ്യാസം മതേതര സ്വഭാവത്തിനോ ബഹുസ്വരതക്കോ ഒരു പോറലുമേൽപ്പിക്കുകയില്ല; മതേതരത്വത്തെയും ബഹുസ്വരതയെയും ശക്തിപ്പെടുത്തുകയേയുള്ളൂ.

വൈകാരികമായ ധാർമികരോഷം വളരുക എന്നതല്ല ധാർമിക വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. തെറ്റും ശരിയും താത്ത്വികമായി മനസ്സിലാക്കി ശരിയായ പാത തെരഞ്ഞെടുത്ത് അതിലൂടെ സഞ്ചരിക്കാനുള്ള ശക്തിയാർജിക്കണം. ധാർമിക വിദ്യാഭ്യാസം നേടിയ വ്യക്തി ഒരു പ്രത്യേക മതത്തിലോ ദൈവത്തിലോ വിശ്വസിക്കണമെന്നില്ല. ഒരു പ്രത്യേക മതത്തോട് ചായ്‌വ് പുലർത്താതെ തന്നെ ധാർമിക വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നതാണ്. ചുറ്റുപാടുകൾക്കും സാഹചര്യത്തിനുമനുസൃതമായി മാന്യമായി വർത്തിക്കാനുള്ള ശേഷി നേടുക എന്നത് ധാർമിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യമാണ്. ബൗദ്ധികവും വൈചാരികവുമായ പിൻബലത്തോടെ ധാർമിക നിലപാടെടുക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വേണ്ടത്. ധാർമികത പുലർത്തുന്ന വ്യക്തി (Moral Person) എന്നതു കൊണ്ട് വിവക്ഷിക്കുന്നത് കുറെ നന്മകൾ പ്രവർത്തിക്കുന്ന വ്യക്തി എന്നല്ല, താനെടുക്കുന്ന നിലപാടുകളും തന്റെ പ്രവർത്തനങ്ങളും കാര്യകാരണ ചിന്തയുടെയും ധർമാധർമ തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്താൻ കെൽപുറ്റ വ്യക്തി എന്നാണ്. ഈ അർഥത്തിൽ നോക്കുമ്പോൾ തെറ്റും ശരിയും തിരിച്ചറിഞ്ഞ് ധർമത്തിന്റെ പാതയിൽ ഉറച്ചകാൽവെപ്പുകളോടെ മുന്നേറാനും നന്മയോട് അനുരാഗാത്മക മനോഭാവം വളർത്താനും വ്യക്തിയെ പ്രാപ്തനാക്കുന്ന പ്രക്രിയയാണ് ധാർമിക വിദ്യാഭ്യാസം. പഠിതാക്കളുടെ വൈജ്ഞാനികവും (Cognitive domain) വൈകാരികവും (Affective domain) വ്യാവഹാരികവു(Psychomotor domain)മായ മുഴുവൻ മേഖലകളെയും പരിഗണിച്ചുകൊണ്ടായിരിക്കണം ധാർമിക വിദ്യാഭ്യാസം രൂപപ്പെടുത്തേണ്ടത്.


പൊതു വിദ്യാഭ്യാസമേഖല മൂല്യവിദ്യാഭ്യാസത്തിൽനിന്നും ധാർമിക വിദ്യാഭ്യാസത്തിൽനിന്നും ഏറെ അകലെയാണ്. സത്യം, ധർമം, നീതി, ആത്മാർഥത, ആത്മാവ്, ദൈവം തുടങ്ങിയ പദങ്ങൾ കേൾക്കാൻ പോലും പൊതുവിദ്യാലയങ്ങളിൽ വിദ്യാർഥികൾക്ക് സാധിക്കുന്നില്ല. അത്തരം പദങ്ങളും ആശയങ്ങളും കേൾക്കാനിടവരരുതെന്ന് ആർക്കൊക്കെയോ നിർബന്ധമുള്ളതു പോലെ. 34 വർഷത്തെ അക്കാദമിക ജീവിതത്തിനിടയിൽ 24 വർഷം അധ്യാപകവൃത്തി നടത്തിയ ഈ ലേഖകൻ എക്സ്ട്രാ പിരിയഡുകളിൽ ഇത്തരം ആശയങ്ങൾ ചർച്ചാവിഷയമാക്കുമ്പോൾ അങ്ങേയറ്റത്തെ അത്ഭുതത്തോടെയും താൽപര്യത്തോടെയും വിദ്യാർഥികൾ ഭാഗഭാക്കായിരുന്നത് ഓർക്കുന്നു.

മൂല്യവിദ്യാഭ്യാസത്തിന് പ്രധാനമായും മൂന്നു രീതികളാണ് കണ്ടുവരുന്നത്:

1. **പ്രത്യക്ഷവും പ്രത്യേകവുമായ പഠനം (Direct and Separate Education):** നിലവിലുള്ള പാഠ്യപദ്ധതിയുടെ ഭാഗമായി കൃത്യമായും വ്യക്തമായും രൂപപ്പെടുത്തിയ ഒരു സിലബസിന്റെയും തദടിസ്ഥാനത്തിൽ തയാറാക്കിയ പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തുന്ന മൂല്യവിദ്യാഭ്യാസമാണിത്. ആധുനികവിദ്യാഭ്യാസ ചിന്തകർ മുന്നോട്ടു വെക്കുന്നതു പോലെ വ്യക്തിയുടെ സമഗ്രമായ വികാസത്തിനുതകുമാറ് മുഴുമേഖലകൾക്കും പഠനാനുഭവം കിട്ടത്തക്ക വിധത്തിലുള്ള പഠനബോധന തന്ത്രങ്ങളും നിരന്തരവും സമഗ്രവുമായ മൂല്യനിർണ

യോപാധികളും ഇതിൽ ഉൾച്ചേർക്കാവുന്നതാണ്.

ധാർമികമൂല്യങ്ങൾ വൈജ്ഞാനികാശയങ്ങളായും വൈകാരികാനുഭവങ്ങളായും പ്രാവർത്തികരൂപങ്ങളായും കുട്ടിക്ക് കിട്ടേണ്ടിയിരിക്കുന്നു. വൈജ്ഞാനികാശയങ്ങൾ ഏതടിസ്ഥാനത്തിൽ എങ്ങനെ തെരഞ്ഞെടുക്കുമെന്ന പ്രശ്നം ഉണ്ടായേക്കാം. വെറും കഥകളോ നോവലുകളോ സംഭവ വിവരണങ്ങളോ ആഴത്തിലുള്ള ധാർമികപഠനത്തിന് സഹായകമാവണമെന്നില്ല. ആധികാരിക ഗ്രന്ഥങ്ങളിലെ ഉദ്ധരണികളും മഹദ്വചനങ്ങളും ആപ്തവാക്യങ്ങളും ജീവിത വീക്ഷണങ്ങളും മഹാന്മാരുടെ ജീവിതരീതികളും ജീവിതാനുഭവങ്ങളും വൈജ്ഞാനികാശയങ്ങളുടെ ഭാഗമായി വരേണ്ടിയിരിക്കുന്നു. ധാർമികമൂല്യങ്ങളുടെ അഭാവത്തിൽ വ്യക്തിയെന്ന നിലയിൽ തനിക്കും സാമൂഹികജീവിയെന്ന നിലയിൽ തന്റെ സമൂഹത്തിനും സംഭവിക്കുന്ന വിപത്തുകളെക്കുറിച്ചും പ്രതിസന്ധികളെകുറിച്ചും വ്യക്തമായ അവബോധം സൃഷ്ടിക്കപ്പെടണം. ഒരു ബഹുസ്വര സമൂഹത്തിൽ അൽപം വിഷമങ്ങൾ സൃഷ്ടിക്കുന്നതാണെങ്കിലും വിശാലമനസ്കതയോടെയും ആർജവത്തോടെയും കൈകാര്യം ചെയ്താൽ അനായാസേന സാധ്യമാകുന്നതാണിത്.



യഥാർഥ പുരോഗതി സാമ്പത്തിക വളർച്ച കൊണ്ട് മാത്രം സാധ്യമല്ല എന്നും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹകരണാത്മക ബന്ധത്തിലും ധാർമികമൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു സംസ്കാരത്തിന്റെ പിൻബലം കൂടി അനിവാര്യമാണെന്നും ചരിത്രം ബോധ്യപ്പെടുത്തുന്നു. ഇത്തരം സംസ്കാരം രൂപപ്പെടുത്തി വളർത്തിയെടുക്കുന്നതിൽ അനിഷേധ്യ പങ്കാണ് മതങ്ങൾ വഹിച്ചിട്ടുള്ളത്. സ്വത്വത്തെ തിരിച്ചറിഞ്ഞ് ദൈവവുമായുണ്ടാക്കുന്ന ബലവത്തായ ബന്ധത്തിലൂടെ മാത്രമാണ് സത്യം, സമത്വബോധം, സാർവലൗകിക സാഹോദര്യം, ധർമം, നീതി, സഹകരണം, സഹാനുഭൂതി, ദീനാനുകമ്പ, അർപ്പണബോധം തുടങ്ങിയ ഉത്തമ മൂല്യങ്ങൾ അർഥവത്താവുകയുള്ളൂ. തന്റെ നിസ്സഹായതയും നിസ്സാരതയും ബോധ്യപ്പെടുന്ന പ്രതിസന്ധിഘട്ടങ്ങളിലും ആപത് ഘട്ടങ്ങളിലും അടിപതറാതെ പിടിച്ചുനിൽക്കാനും ആർജിത മൂല്യങ്ങളെ കൈവിടാതെ പ്രതിസന്ധികളെ ക്രിയാത്മകമായി നേരിടാനും മതാധ്യാപനങ്ങൾ നൽകുന്ന ശക്തി ഒന്നു വേറെത്തന്നെയാണ്. ദേശ-ഭാഷാ-കാല ഭേദങ്ങൾക്കനുസരിച്ച് ആചാരാനുഷ്ഠാനങ്ങളിലും മറ്റും ചില വൈവിധ്യങ്ങൾ ദൃശ്യമാണെങ്കിലും എല്ലാ മതങ്ങളും ഒരേ ഉറവയിൽ നിന്ന് ഉത്ഭവിച്ചവയാണെന്ന് മനസ്സിലാക്കാൻ മതങ്ങളെക്കുറിച്ചുള്ള പഠനം സഹായിക്കുന്നു. ഈ ധാർമിക മൂല്യങ്ങൾ മുഴുക്കെയും ഇന്ന് നിലവിലുള്ള എല്ലാ മതവിശ്വാസികൾക്കും ഒറ്റക്കെട്ടായി അംഗീകരിക്കാൻ കഴിയുന്നവയാണ്.

മതസംഘടനകൾക്ക് പാഠശാലകൾ ധാരാളമുണ്ടെങ്കിലും ജാതിമത ഭേദമന്യേ മുഴുവൻ മനുഷ്യർക്കും ഗുണകരമായ ഒരു ധാർമികപഠനസാമഗ്രി വികസിപ്പിച്ചെടുക്കാൻ ആർക്കും സാധിച്ചിട്ടില്ല; ആരും അതിന് ശ്രമിക്കുന്നില്ല എന്നതാണ് വസ്തുത.

**2. പരോക്ഷ പഠനരീതി** (Indirect Method): പൊതു പാഠ്യ വിഷയങ്ങളിലെ നിശ്ചിത ആശയങ്ങൾ വിശദീകരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട ധാർമികവശങ്ങളെക്കുറിച്ച ചർച്ചയിലേക്കും ചിന്തയിലേക്കും അധ്യാപകർ പഠിതാക്കളെ നയിക്കുന്ന രീതിയാണിത്. ജീവിതഗന്ധിയായ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച നയിക്കുകയും ധാർമികമൂല്യങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുകയും ചെയ്യുന്നു. വിമർശനാത്മക ബോധനശാസ്ത്രത്തിന്റെ സാധ്യതകളും പ്രശ്നോന്നിത പാഠ്യപദ്ധതിയും ഉപയോഗപ്പെടുത്തി പൊതുപാഠ്യപദ്ധതിയുടെ ഭാഗമായ മുഴുവൻ പാഠ്യവിഷയങ്ങളിലും ഇത് വളരെ സരളവും സ്വാഭാവികവുമായ രീതിയിൽ സാധിക്കുന്നതാണ്.

വിദ്യാലയങ്ങളിൽ നടക്കുന്ന അസംബ്ലി, സ്പോർട്സ്, വിവിധതരം കലാപരിപാടികൾ, സാഹിത്യസമാജങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മുഖേനയുള്ള ധാർമിക പഠനരീതിയാണ് മറ്റൊന്ന്. ബോധപൂർവം ആസൂത്രണം ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങളെല്ലാം ധാർമിക മൂല്യങ്ങളുടെ വളർച്ചക്കും സന്തുലിതവും സമഗ്രവുമായ വ്യക്തിത്വ രൂപീകരണത്തിനും ഉപയോഗപ്പെടുത്താവുന്നതാണ്.

**ഒരു പ്രത്യേക മതത്തോട് ചായ്വ് പുലർത്താതെ തന്നെ ധാർമിക വിദ്യാഭ്യാസം നൽകാൻ സാധിക്കുന്നതാണ്. ചുറ്റുപാടുകൾക്കും സാഹചര്യത്തിനുമനുസൃതമായി മാന്യമായി വർത്തിക്കാനുള്ള ശേഷി നേടുക എന്നത് ധാർമിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യമാണ്.**

3. **സംഭവാധിഷ്ഠിത പഠനരീതി (Incidental Approach):** വീട്ടിലോ നാട്ടിലോ വിദ്യാലയത്തിലോ സ്വാഭാവികമായുണ്ടാകുന്ന പ്രശ്നങ്ങളിൽ ഭാഗഭാക്കാകുന്ന പഠിതാക്കളെ വ്യക്തിപരമായി സമീപിച്ച് ചർച്ചനടത്തി ബോധവൽക്കരിക്കുന്ന രീതിയാണിത്. ഇലക്ട്രോണിക് മാധ്യമങ്ങളിലോ പത്രങ്ങളിലോ വരുന്ന വാർത്തകളെ ആധാരമാക്കി ക്ലാസിൽ ചർച്ച നടത്തിയും ധാർമികബോധവും മൂല്യബോധവും വളർത്തിയെടുക്കാവുന്നതാണ്. അധ്യാപകന്റെ നിഷ്പക്ഷതയും ആത്മാർഥതയും ആസൂത്രണപാടവവും ഇതിൽ പ്രധാന പങ്കുവഹിക്കുന്നു. ഉന്നത വ്യക്തിത്വങ്ങളുടെ ജീവിതാനുഭവങ്ങളും ജീവചരിത്രവും സോദ്ദേശ്യപൂർവം ചർച്ചാവിഷയങ്ങളാക്കിയും പഠിതാക്കളെ ധാർമിക മൂല്യങ്ങളിൽ ആകൃഷ്ടരും തൽപരരുമാക്കാവുന്നതാണ്.

**പ്രായോഗിക രീതികൾ**

ധാർമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രായോഗിക രീതികളിൽ ചിലത്:

1 - വളർത്താനുദ്ദേശിക്കുന്ന മൂല്യങ്ങളെ പല സെറ്റുകളാക്കി തിരിക്കുക. ഉദാഹരണം:

- വൃത്തി, ശുദ്ധി, പരിസര ശുചീകരണം...
- കൃത്യനിഷ്ഠ, സമയനിഷ്ഠ, സന്നദ്ധത...
- ദയ, സ്നേഹം, സഹാനുഭൂതി....

ഇങ്ങനെ വിവിധ സെറ്റുകളാക്കിയവയിൽനിന്ന് ഓരോ സെറ്റുവീതം നിശ്ചിത കാലയളവിലേക്ക് തെരഞ്ഞെടുക്കുകയും

ഈ കാലയളവിലെ മുഴുവൻ പ്രവർത്തനങ്ങളിലും ആശയവിനിമയങ്ങളിലും ഈ മൂല്യങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്യുക. ഇവയുടെ വിവിധ വശങ്ങൾ നിരീക്ഷണവിധേയമാക്കാനും, പരസ്പരം നിരീക്ഷണം നടത്താനും പഠിതാക്കളെ പ്രോത്സാഹിപ്പിക്കുകയും ക്ലാസ്സിൽ ചർച്ചാവിഷയമാക്കുകയും ചെയ്യുക.

2. ചർച്ചയിലൂടെയും ആശയവിനിമയത്തിലൂടെയും ബോധ്യപ്പെടുന്ന മൂല്യങ്ങൾ നിതൃജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കുന്നുണ്ടോയെന്ന് സ്വയം വിലയിരുത്താനും തദടിസ്ഥാനത്തിൽ ഡയറിക്കുറിപ്പെഴുതി സ്വയം പരിശോധിച്ച് മെച്ചപ്പെടുത്താനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

3. വാർത്താമാധ്യമങ്ങളിലും പത്രമാസികകളിലും വരുന്ന വാർത്തകളെ നിരൂപണം ചെയ്ത് കുറിപ്പുകൾ തയാറാക്കാനും ക്ലാസ്സുകളിൽ ചർച്ചാവിഷയമാക്കാനും കുട്ടികളെ സന്നദ്ധരാക്കുക.

4. ചർച്ചയിലൂടെ ചില മൂല്യങ്ങൾ തെരഞ്ഞെടുത്ത് നിശ്ചിത കാലയളവിലേക്ക് നിരീക്ഷണവിധേയമാക്കാൻ അധ്യാപകരും വിദ്യാർഥികളും തീരുമാനിക്കുക. ഇരു കൂട്ടരും വ്യക്തിപരമായി ഡയറിക്കുറിപ്പുകൾ തയാറാക്കുക. നിശ്ചിത സമയങ്ങളിൽ കൂടിയിരുന്ന് പുരോഗതി വിശകലനം ചെയ്യുക. ഡയറിക്കുറിപ്പുകൾ പരസ്പരം കാണിക്കാതെ തന്നെ തുറന്ന വിശകലനം, ആരോഗ്യകരമായ വിമർശനങ്ങൾ, ഗുണദോഷിക്കൽ എന്നിവ മുഖേന നില മെച്ചപ്പെടുത്താവുന്നതാണ്.

ധാർമികവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ എങ്ങനെ ചർച്ച ചെയ്താലും അധ്യാപകർ സുപ്രധാന കണ്ണിയാണ്. സ്ഥാപനാധികാരികൾക്കും ഒട്ടും ചെറുതല്ലാത്ത പങ്കുവഹിക്കാനുണ്ട്. സ്ഥാപനങ്ങളുടെ നിർബന്ധിതാവസ്ഥയിൽ പുറമെ കാണുന്ന നിശ്ശബ്ദതയും അനുസരണവുമല്ല അച്ചടക്കമെന്നും, ക്രമപ്രവൃദ്ധവും ആരോഗ്യകരവുമായ സ്വാധീനത്താൽ രൂപീകൃതമാവുന്ന സ്വഭാവത്തിന്റെയും മാനസികോത്കർഷത്തിന്റെയും സ്വതസിദ്ധമായ വർത്തനരീതിയാണ് അച്ചടക്കമെന്നും തിരിച്ചറിയേണ്ടതുണ്ട്. എങ്കിലും വളരെ ആസൂത്രിതതമായും കൃത്യമായും വ്യക്തമായും രൂപപ്പെടുത്തിയ ഒരു ധാർമിക രേഖയും (Moral Code) പ്രവർത്തന പരിപാടിയും (Programme of action) സ്ഥാപനത്തിനുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

ഏതു നിലക്ക് ചിന്തിച്ചാലും മാനവസമൂഹം പൊതുവിലും കേരളസമൂഹം പ്രത്യേകിച്ചും അകപ്പെട്ടിരിക്കുന്ന ധാർമികച്യുതിയുടെ കാരണങ്ങളന്വേഷിച്ചാൽ പ്രതിക്കൂട്ടിൽ ഒന്നാം സ്ഥാനത്ത് വിദ്യാഭ്യാസമാണെന്ന് കാണാൻ അധികമൊന്നും വിശകലനം ആവശ്യമില്ല. മൂല്യബോധനത്തിൽ നിന്നും ധാർമികാധ്യാപനങ്ങളിൽ നിന്നും അറിഞ്ഞോ അറിയാതെയോ മാറ്റിനിർത്തപ്പെട്ട വിദ്യാഭ്യാസപ്രക്രിയ പുനർചിന്തക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു. 1948 മുതലുള്ള മുഴുവൻ വിദ്യഭ്യാസ കമീഷനുകളും ഏതാണ്ടെല്ലാ വിദ്യാഭ്യാസ ചിന്തകരും ഒരേ സ്വരത്തിൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നമ്മുടെ ബഹുസ്വരത കണക്കിലെടുത്ത് പ്രായോഗികമായ ഒരു മൂല്യബോധന പ്രക്രിയയും ധാർമികപാഠ്യപദ്ധതിയും ആവിഷ്കരിക്കാനും വികസിപ്പിച്ചെടുക്കാനും സാധിക്കുന്നില്ല, അല്ലെങ്കിൽ അതിനു തയാറാകുന്നില്ല. മാപ്പർഹിക്കാത്ത അപരാധമാണിത്. ഉത്തമ ഭാവിസമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള മൂല്യബോധവൽക്കരണത്തിനും ധാർമികാധ്യാപനത്തിനും രൂപംനൽകാൻ ഇനിയും മടിച്ചു നിന്നാൽ വളരെ മലീമസവും ബീഭത്സവുമായ സാമൂഹികാന്തരീക്ഷത്തെയായിരിക്കും നേരിടേണ്ടി വരിക. രാജ്യത്തിന്റെ ഭാവിയിൽ തൽപരരായ എല്ലാവരുടെയും കൂട്ടായ ശ്രമങ്ങളും ഗൗരവപൂർവമായ കാൽവെപ്പുകളും ഉണ്ടാവേണ്ടിയിരിക്കുന്നു. ■

(സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി - എസ്.സി.ഇ.ആർ.ടി-യിലെ കരിക്കുലം വിഭാഗത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട് ലേഖകൻ)

e-mail: mohamed.ayiroor@gmail.com